
● പഠനം

● പ്രൊഫ. മുഹമ്മദ് ബശീർ



# തൗഹീദ്
## സ്വമദിയ്യത്ത്, ഇബാദത്ത്, ദുആ

التوحيد اعتقاد عدم الشريك لله فى الألوهية وخواصها (شرح العقائد )

"ദിവ്യത്വത്തിലും അതിന്റെ പ്രത്യേകതകളിലും (ഉദാ: സർവ്വതിന്റെയും സ്രഷ്ടാവാകുക, പരിപാലകനാവുക, ശിക്ഷിക്കാനും രക്ഷിക്കാനും കഴിവുള്ളവനാവുക.......) അല്ലാഹുവിന്നു പങ്കുകാരില്ലെന്ന വിശ്വാസമാണ് തൗഹീദ്" (ശർഹുൽ അഖാഇദ്)

ومعنى وحدت الله اعتقدته منفردا بذاته وصفاتهلا نظير له ولاشبيه ( فتح البارى ١٧—٢٠٣)

"ഞാൻ അല്ലാഹുവിനെ ഏകനാക്കി എന്നതിന്റെ അർത്ഥം, അല്ലാഹു അവന്റെ സത്തയിലും , വിശേഷണങ്ങളിലും ഏകനാണെന്നും, അവന് തുല്യനോ, സമമായവനോ ഇല്ലെന്നും ഞാൻ വിശ്വസിച്ചു എന്നാണ്." .(ഫത്ഹുൽ ബാരി 17-203)

ഇവിടെ ഒന്നാമത്തെ വാചകത്തിൽ പറഞ്ഞ وخواصها (അതിന്റെ പ്രത്യേകതകളിലും) എന്നതിന്റെ ഉദ്ദേശ്യം രാമത്തെ വാചകം വ്യക്തമാക്കുന്നു. അഥവാ ദൈവമാവുന്നതിന്നു അവശ്യം വേ ചില വിശേഷണങ്ങളു്. അവ അല്ലാഹുവിൽമാത്രം നിക്ഷിപ്തമാണ്. അതിനാൽ അവയിലുള്ള അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുക എന്നത് ഒരാളുടെ തൗഹീദ് പൂർണ്ണമാവാൻ അനിവാര്യമാണ്. അപ്പോൾ മേൽ പ്രസ്താവിച്ച ര് വാചകങ്ങളുടേയും ഉള്ളടക്കം ഇപ്രകാരം മനസ്സിലാക്കാം:

ഇബാദത്ത് ചെയ്യപ്പെടാനുള്ള അർഹത അല്ലാഹുവിന്നു മാത്രമാണെന്നും, ആ അർഹതയെ സ്ഥാപിക്കുന്ന സർവ്വവിശേഷണങ്ങളിലും അവൻ ഏകനാണെന്നും വിശ്വ

സിക്കുന്നതിന്നാണ് തൗഹീദ് എന്ന് പറയുന്നത്.

**ശിർക്ക്**

إثبات الشريك فى الألوهية بمعنى وجوب الوجود أو بمعنى الإشراك استحقاق العبادة . ( شرح العقائد)

ഇബാദത്തിന് അർഹത എന്ന അർത്ഥത്തിലോ, അസ്തിത്വം അനിവാര്യമാകൽ എന്ന അർത്ഥത്തിലോ ദിവ്യത്വത്തിൽ (അല്ലാഹുവിന്) പങ്കുകാരനെ സ്ഥിരീകരിക്കലാണ് ശിർക്ക് (ശർഹുൽ അഖാഇദ്)

ഇവിടെ ഇബാദത്തിന് അർഹത എന്നു പറഞ്ഞതിൽ ആ അർഹത അനിവാര്യമാക്കുന്ന അതിന്റെ പ്രത്യേകതകളും ഉൾപ്പെടും. അപ്പോൾ അങ്ങിനെയുള്ള ഒരു പ്രത്യേകതയിൽ അല്ലാഹുവിനു പങ്കുകാരനെ സ്ഥിരപ്പെടുത്തിയാൽ അതും ശിർക്കു തന്നെയാണ്. ( തൗഹീദിന്റെ നിർവ്വചനത്തിൽ وخواصها എന്നുപറഞ്ഞത് ഇവിടെ ഓർക്കുക.)

**إثبات : സ്ഥിരീകരിക്കൽ:** ശിർക്കിന്റെ നിർവ്വചനത്തിൽ പറഞ്ഞ إثبات അഥവാ സ്ഥിരീകരിക്കൽ എന്ന പരാമർശത്തിന്റെ അർത്ഥവ്യാപ്തിയെ കുറിച്ച് നാം പ്രത്യേകം ബോധവാന്മാരാവേതു്. പലരും ധരിച്ച പോലെ, അതു വിശ്വാസത്തിലൂടെ മാത്രം സംഭവിക്കുന്നതല്ല. മറിച്ച് വിശ്വാസത്തിലൂടെയെന്നപോലെ വാക്കിലൂടെയും, പ്രവൃത്തിയിലൂടെയും, ഉദ്ദേശ്യത്തിലൂടെയും സംഭവിക്കും.

**വാക്കുകൊുള്ള സ്ഥിരീകരണം**

عن ابن عمر قال: فإني سمعت رسول الله (ص) يقول من حلف بغيرالله فقد كفر أو أشرك ( الترمذى — ١٥٧٤)

ഇബ്നു ഉമറിൽ (റ) നിന്നു നിവേദനം: അദ്ദേഹം പറഞ്ഞു: നിശ്ചയം നബി (സ) പറയുന്നത് ഞാൻ കേട്ടു. അല്ലാഹു അല്ലാത്തവരെക്കൊ് ഒരാൾ സത്യം ചെയ്താൽ അയാൾ അവിശ്വാസിയായി അല്ലെങ്കിൽ ശിർക്കു ചെയ്തു. (തുർമുദി -1574)

عن النبي (ص) قال: من حلف فقال فى حلفه باللات والعزى فليقل لا إله إلاالله ( بخارى— ٦٦٥٠)

നബി(സ) പറഞ്ഞു: "ഒരാൾ തന്റെ സത്യത്തിൽ 'ലാത്ത'യെകൊ് സത്യം, 'ഉസ്സ'യെകൊ് സത്യം എന്നിങ്ങനെ പറഞ്ഞാൽ അവൻ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പറയട്ടെ" ( ബുഖാരി-6650)

ഈ ര് നബിവചനങ്ങളും സൂചിപ്പിക്കുന്നത് ഒരു വിശ്വാസിയിൽ നിന്നും വാക്ക്കൊ് ശിർക് സംഭവിക്കുന്ന രീതിയാണ്.

ഇമാം ബഗവി (റ) പറയുന്നത് കാണുക :

وقال البغوي : وإنما أمره بالتوحيد لأنه الحلف باللات والعزى يضاهى الكفار فأمره أن يتدارك بالتوحيد ( فتح البارى)

"ഇമാം ബഗവി (റ) പറഞ്ഞു: ലാത്തയെകൊും, ഉസ്സയെകൊും സത്യം ചെയ്യൽ അവിശ്വാസികളോട് സമാനമാകലാണ്. അതിനാൽ തൗഹീദ് വീടെുക്കാൻ അവനോട് കൽപിച്ചു."((ഫത്ഹുൽ ബാരി)

ഒരു യഥാർത്ഥ മുവഹ്ഹിദ് (ഇബാദത്തിനർഹൻ അല്ലാഹു മാത്രമാണെന്ന് അംഗീകരിക്കുന്നവൻ)

**ഇബാദത്ത് ചെയ്യപ്പെടാനുള്ള അർഹത അല്ലാഹുവിന്നു മാത്രമാണെന്നും, ആ അർഹതയെ സ്ഥാപിക്കുന്ന സർവ്വവിശേഷണങ്ങളിലും അവൻ ഏകനാണെന്നും വിശ്വസിക്കുന്നതിന്നാണ് തൗഹീദ് എന്ന് പറയുന്നത്.**

ലാത്തയെകൊോ, ഉസ്സയെകൊോ സത്യം ചെയ്താൽ തുടർന്ന് ചെയ്യൽ അനിവാര്യമായ ഒരു കാര്യത്തെയാണ് നബി(സ) പഠിപ്പിക്കുന്നത്. ഒരുമുവഹ്ഹിദ് ലാത്തയെകൊോ, ഉസ്സയെകൊോ സത്യം ചെയ്യുമ്പോൾ അവ രും ഇബാദത്ത് അർഹിക്കുന്നവയാണെന്ന വിശ്വാസമുാവുകയില്ല എന്നത് തർക്കരഹിതമായകാര്യമാണല്ലോ. എന്നിട്ടുകൂടി ആ വാക്ക് ഒരു മുവഹ്ഹിദിന്റെ തൗഹീദിനെ നഷ്ടപ്പെടുത്തുമെന്നും , അവനെ മുശ്രികുകളുടെ ഗണത്തിൽ ഉൾപ്പെടുത്തുമെന്നും നബി(സ) പഠിപ്പിക്കുന്നു. മാത്രമല്ല വീും തൗഹീദിന്റെ വചനം ഉരുവിടുകവഴി മാത്രമെ അവന് മുവഹ്ഹിദായിത്തീരാൻകഴിയൂ എന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു

**പ്രവൃത്തികൊുള്ളസ്ഥിരീകണം**

عن عبد الله بن مسعود عن رسول الله (ص) قال: الطيرة شرك قاله‌ثلاثا ( أبو داود، ترمذى)

അബ്ദുല്ലാബ്നു മസ്ഊദി(റ)ൽനിന്നും നിവേദനം നബി(സ) പറഞ്ഞു: "ശകുനം (നോക്കൽ) ശിർക്കാകുന്നു, നബി (സ) ഇങ്ങിനെ മൂന്നുപ്രാവശ്യം പറഞ്ഞു. (അബൂദാവൂദ്, തുർമുദി)

(الطيرة شرك) أى اعتقاد أنها تنفع أو تضر إذا عملوا بمقتضاها معتقدين‌تأثيرها ، فهو شرك لأنهم جعلوا لها أثرا فى الفعل والإيجاد (شرح مسلم ٧— ٤٨٠)

"(ശകുനം നോക്കൽ ശിർക്കാകുന്നു) അതായത്, ശകുനത്തിന്റെ സ്വാധീനത്തിൽ വിശ്വസിച്ച് അത് സൂചിപ്പിക്കുന്നതനുസരിച്ച് പ്രവർത്തിച്ചാൽ, അത് ഉപകാരം ചെയ്യുകയോ , ഉപദ്രവിക്കുകയോ ചെയ്യുമെന്ന് വിശ്വസിക്കൽ ശിർക്കാകുന്നു. കാരണം നിർമ്മാണത്തിലും, പ്രവർത്തനത്തിലും അവർ അതിന്നു സ്വാധീനം നിശ്ചയിച്ചു. "(ശർഹുമുസ്ലിം 7-480)

**ഒരു കാര്യം ശിർക്കാവാൻ ഏതൊന്നിനുവേണ്ടി നിർവ്വഹിക്കുന്നുവോ ,ഏതൊന്നിന്റെ മുമ്പിൽ നിർവ്വഹിക്കുന്നുവോ, അത് ആരാധനക്കർഹതയുള്ളതാണെന്ന വിശ്വാസം അനിവാര്യമില്ലെന്നവസ്തുത സ്ഥിരപ്പെടുന്നു.**

ചിന്തിക്കുക! ശകുനം നോക്കുന്നവൻ ശകുനത്തെ ആരാധ്യനായിക്കാണുന്നുവോ? ആരാധനക്കുള്ള അർഹത അതിന്നു വകവെച്ചുകൊടുക്കുന്നുവോ ? ഇല്ല. എന്നിട്ടും ആ പ്രവർത്തനം ശിർക്കാകുമെന്നല്ലേ പ്രവാചകൻ പഠിപ്പിക്കുന്നത്.? അപ്പോൾ ഒരു കാര്യം ശിർക്കാവാൻ ഏതൊന്നിനുവേി നിർവ്വഹിക്കുന്നുവോ ,ഏതൊന്നിന്റെ മുമ്പിൽ നിർവ്വഹിക്കുന്നുവോ, അത് ആരാധനക്കർഹതയുള്ളതാണെന്ന വിശ്വാസം അനിവാര്യമില്ലെന്നവസ്തുത സ്ഥിരപ്പെടുന്നു. ഇനി ഖുർആൻ പറയുന്നത് കാണുക:

ولا تأكلوا مما لم يذكر اسم الله عليه وإنه لفسق وإن الشيطان ليوحون إلى أوليائهم ليجادلوكم وإن أطعتموهم إنكم لمشركون ( الأنعام ١٢١)

"അല്ലാഹുവിന്റെ നാമം ഉച്ചരി(ച്ച് അറു) ക്കപ്പെടാത്തതിൽ നിന്നു നിങ്ങൾ ഭക്ഷിക്കരുത്. തീർച്ചയായും അതു അധർമമാണ്. തീർച്ചയായും പിശാചുക്കൾ നിങ്ങളോട് തർക്കം നടത്തുവാൻവേി അവരുടെ മിത്രങ്ങളിലേക്ക് സന്ദേശമെത്തിച്ചുകൊിരിക്കുകതന്നെചെയ്യും.അവരെ നിങ്ങൾ അനുസരിക്കുന്നപക്ഷം തീർച്ചയായും നിങ്ങൾ മുശ്രികുകൾ തന്നെയായിരിക്കും." (അൻആം - 121)

ഈ സൂക്തം വിശദീകരിച്ച്കൊ് ഇമാം റാസി (റ) പറയുന്നത് കാണുക

وهذا مخصوص بما ذبح على النصب يعنى لو رضيتم بهذهالذبيحة التى ذبحت على اسم إلهية الأوثان فقد رضيتم بإلهيتها وذلك يوجب الشرك ( الرازى ١٣—١٧)

"സൂക്തത്തിലെ പരാമർശം ബിംബങ്ങളുടെ നാമം ഉച്ചരിച്ച് അറുക്കപ്പെട്ടവയെക്കുറിച്ചാണ്. ബിംബങ്ങളുടെ ദിവ്യത്വത്തിന്റെ പേരിൽ അറുക്കപ്പെട്ടതിനെ നിങ്ങൾ ഇഷ്ടപ്പെട്ടാൽ (അതിനർത്ഥം) അവയുടെ ദിവ്യത്വത്തെ നിങ്ങൾ ഇഷ്ടപ്പെട്ടു എന്നതാണ്. അതാണ് ശിർകിനെ അനിവാര്യമാക്കുന്നത്." ( റാസി 13-17)

ഇവിടെ സൂക്തത്തിലൂടെ അല്ലാഹു അഭിസംബോധന ചെയ്യുന്നത് വിശ്വാസികളെയാണെന്നത് പ്രത്യേകം പറയേതില്ലല്ലോ, എന്നാൽ അവർ അവരുടെ വിശ്വാസം നിലനിർത്തിക്കൊ്തന്നെ ബിംബങ്ങളുടെ പേരിൽ അറുക്കപ്പെട്ടതിൽ നിന്നു ഭക്ഷിച്ചാൽ അതു ശിർക്കാകുമെന്നാണ് അല്ലാഹു പറയുന്നത്. കാരണം ഇമാം റാസിയുടെ വിശദീകരണത്തിൽനിന്നു വളരെ വ്യക്തമാണ്. അതായത്, ദിവ്യത്വത്തിന്റെ പേരിൽ അറുക്കപ്പെട്ടതിനെ ഇഷ്ടപ്പെടുന്നത് അവയുടെ ദിവ്യത്വത്തെ ഇഷ്ടപ്പെടുന്നതിനു സമാനമാണ്.അപ്പോഴത് പ്രവൃത്തിമൂലം സംഭവിക്കുന്നശിർക്കായിത്തീർന്നു.

**വിശ്വസിക്കൽകൊുള്ള സ്ഥിരീകരണം**

أجعل الآلهة إلها واحدا إن هذا لشيئ عجاب (ص—٥)

"അദ്ദേഹം ( മുഹമ്മദ് നബി) ദൈവങ്ങളെയെല്ലാം ഒരേയൊരു ദൈവമാക്കുകയാണോ? നിശ്ചയം ഇത് അത്ഭുതം ഉളവാക്കുന്ന കാര്യമാണ്." ( സ്വാദ്- 5)

ഈസൂക്തം സൂചിപ്പിക്കുന്നത് മക്കാമുശ്രികുകൾ ഒന്നിലധികം ദൈവങ്ങളിൽ വിശ്വസിച്ചിരുന്നു എന്നാണ്.

**ഉദ്ദേശ്യത്തിലൂടെ സ്ഥിരീകരിക്കൽ**

قال تبارك وتعالى : أنا أغنى الشركاء من الشرك منعمل عملا أشرك فيهمعى غيرى تركته وشركه ( مسلم— ٢٩٨٥)

"അല്ലാഹു പറഞ്ഞു: എനിക്ക് പങ്കുകാരെ ആവശ്യമില്ല. ആരെങ്കിലും വല്ല പ്രവൃത്തിചെയ്യുകയും അതിൽ എന്നോടൊപ്പം മറ്റൊരാളെ പങ്കുചേർക്കുകയും ചെയ്താൽ അവനേയും അവന്റെ ശിർക്കിനേയും ഞാൻ ഉപേക്ഷിക്കുന്നതാണ്."(മുസ്ലിം-2985)

عن محمود بن لبيد أن النبي (ص) قال : إن أخوف ما أخاف عليكم الشرك الأصغر قالوا يارسول الله : وما الشرك الأصغر ؟ قال: الرياء (أحمد)

മഹ്മൂദ് ബ്നു ലബീദിൽ നിന്നു നിവേദനം: നിശ്ചയം നബി (സ) പറഞ്ഞു: "നിങ്ങളുടെമേൽ ഞാൻ ഏറ്റവും ഭയപ്പെടുന്നത് ചെറിയ ശിർക്കിനെയാണ്. അവർ ചോദിച്ചു: അല്ലാഹുവിന്റെ പ്രവാചകരെ ചെറിയ ശിർക്ക് ഏതാണ്? നബി(സ) പറഞ്ഞു: മറ്റുള്ളവർ കാണാൻവേിയുള്ള പ്രവർത്തനമാണ്." (അഹ്മദ്)

ഈ ര് നബിവചനങ്ങളും സൂചിപ്പിക്കുന്നത് رياء (മറ്റുള്ളവർ കാണാൻ വേിയുള്ള പ്രവർത്തനം) നെക്കുറിച്ചാണ്. ഇത്തരം പ്രവർത്തനങ്ങളിൽ യഥാർത്ഥ നിയ്യത്തിനോടൊപ്പം ജനങ്ങളിൽ തന്നെകുറിച്ച് നല്ല അഭിപ്രായം ഉാകണം എന്ന ഒരു ഉദ്ദേശ്യവും കൂടിവരുന്നു. അപ്പോൾ ആ പ്രവർത്തനം അല്ലാഹുവിന്റെ പ്രീതിക്ക് പുറമെ അവന്റെ സൃഷ്ടികളുടെ പ്രീതിക്കുകൂടിയാകുന്നു. അങ്ങിനെയത് ഉദ്ദേശ്യത്തിലൂടെസംഭവിക്കുന്ന ശിർക്കായിത്തീരുന്നു.

ഇവിടെ വ്യക്തമാക്കപ്പെട്ട നാലുതരം ശിർക്കുകളിൽ ഒരുവിശ്വാസിയിൽ നിന്നു സംഭവിക്കാൻ കൂടുതൽ സാധ്യതയുള്ളത് വാക്കിലൂടെയും പ്രവൃത്തിയിലൂടെയും സംഭവിക്കുന്ന ശിർക്കുകളാണ്. അത്കൊ് തന്നെ മഹാനായ ഇബ്രാഹീം നബി (അ)യുടെ

وما أنا من المشركين ( الأنعام —٧٩)

"ഞാൻ ശിർക്ക് ചെയ്യുന്നവനിൽ പെട്ടവനല്ല" എന്ന പ്രഖ്യാപനത്തിന്റെ അർത്ഥം വിശദീകരിച്ചുകൊ് 'തഫ്സീർ റൂഹുൽ മആനി'യിൽ പറയുന്നത് കാണുക,

أصلا فى شيئ منالأقوال و الأفعال (روح المعانى ٧—١٧٦)

"വാക്കുകളിലും, പ്രവൃത്തികളിലും പെട്ട ഒന്നിലും തന്നെ" (ഞാൻ ശിർക് ചെയ്യുന്നവൻ അല്ല).( റൂഹുൽ മആനി 7-176)

**സ്വമദിയ്യതും ശിർക്കും**

ഒരാളുടെ വണക്കം ആരാധനയാവണമെങ്കിൽ ആ വണക്കം ആരുടെ മുമ്പിലാണോ അയാളിൽ സ്വമദിയ്യത് (സ്വയംപര്യാപ്തത)കൽപ്പിക്കേതുേ ?. അല്ലാഹുവിനു മാത്രമേ ചെയ്യാവൂ, അല്ലാഹുവിനോട് മാത്രമേചെയ്യാവൂ എന്നു പറയപ്പെട്ട ഒരു കാര്യം സ്വമദിയ്യത് കൽപ്പിക്കാതെ അല്ലാഹു അല്ലാത്ത ദൈവങ്ങൾക്ക് സ്വന്തം നിലയിൽ കഴിവുന്നെ് വിശ്വസിക്കാതെ മറ്റൊരാൾക്കോ, മറ്റൊരാളോടോ ചെയ്താൽ ആ പ്രവർത്തനം കൊ് ഒരാളിൽ ശിർക്ക് സംഭവിക്കുമോ? ഉദാഹരണം, സുജൂദ് അല്ലാഹുവിന് മാത്രമേ ചെയ്യാവൂ എന്ന് അല്ലാഹു പറയുന്നു. എന്നാൽ ഒരാൾ തന്റെ നേതാവിന്റെ മുമ്പിൽ സുജൂദ് ചെയ്യുന്നു. തീർച്ചയായും അയാളിൽ നിന്നും സംഭവിക്കുന്നത് ശിർക്ക് തന്നെയാണ്. എന്ത് കൊന്നാൽ വാക്ക് , പ്രവൃത്തി, ഉദ്ദേശ്യം എന്നിവകൊല്ലൊം ശിർക്ക് സംഭവിക്കുമെന്നും, അവയിലൊന്നും സ്വമദിയ്യത് സങ്കൽപ്പിക്കുന്നപ്രശ്നം ഉദിക്കുന്നില്ലെന്നും നാം മുമ്പ് മനസ്സിലാക്കിക്കഴിഞ്ഞു.

അല്ലാഹു അല്ലാത്ത ഒരു വ്യക്തിയിൽ സ്വമദിയ്യത് കൽപ്പിക്കൽതന്നെ ശിർക്കാണ്, അതിനോടൊപ്പം മറ്റൊരു പ്രവൃത്തിയും അയാൾ ചെയ്യണമെന്നില്ല . വിശ്വാസത്തിൽതന്നെ ശിർക്ക് സംഭവിച്ച ഒരാളുടെ ഏതെങ്കിലും ഒരു പ്രവർത്തനം ചൂിക്കാട്ടി അതു ശിർക്കാണെന്നു പറയുന്നതിൽ എന്തർത്ഥമാണുള്ളത് ? തല തന്നെ അറ്റു പോയ ഒരാളുടെ കാലിലെ മുറിവിനെകുറിച്ച് വേവലാതിപ്പെടുന്നത് പോലെയല്ലേ അത് ?

അപ്പോൾ ഒരു കാര്യം ശിർക്കാകാൻ അതിൽ സ്വമദിയ്യത് സങ്കൽപ്പിക്കേതില്ല. മറിച്ച് അല്ലാഹുവിന്റെ അവകാശാധികാരങ്ങളിൽപ്പെട്ട വല്ലതും അവനല്ലാത്തവർക്ക് വാക്കിലൂടെയോ, പ്രവൃത്തിയിലൂടെയോ,വിശ്വാസത്തിലൂടെയോ,ഉദ്ദേശ്യത്തിലൂടെയോ സ്ഥിരീകരിച്ചുകൊടുത്താൽ മതി ഓരോ മത സ്ഥരും.അവരുടെ മതാചാരങ്ങൾ നടത്തുന്നത് അവരുടെ ദൈവങ്ങളുടെ പ്രീതി നേടിയെടുക്കാൻ വേിയുള്ള ആരാധനാകർമ്മങ്ങൾ എന്ന നിലയിലാണ്. അതുകൊ് തന്നെ ഇസ്ലാമേതരമതങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ ഒരു വിശ്വാസിചെയ്താൽ അദ്ദേഹത്തിന്റെ ആപ്രവൃത്തി ആ മതങ്ങൾ സങ്കൽപ്പിക്കുന്ന ദൈവങ്ങൾക്കുള്ള ആരാധനയാണ്. അഥവാ ശിർക്കാണ്. അവിടെ സ്വമദിയ്യത് സങ്കൽപിക്കലോ, തന്റെ പ്രവർത്തനം ആദൈവങ്ങൾക്കുള്ള ആരാധനയാണെന്ന പ്രത്യേക ഉദ്ദേശ്യമോ ആവശ്യമില്ല. ഈ യാഥാർത്ഥ്യമാണ് പൂർവ്വീക പണ്ഡിതർ നമ്മേ പഠി പ്പിക്കുന്നത്.

إن أحدا صدق بجميع ما جاء النبى عليه السلام وسلمهوأقر به وعمل ومع ذلك شد الزنار بالإختيار أو سجد للصنم بالإختيار نجعله كافرا لما أن النبى عليه السلام جعل ذلك علامة



التكذيب والإنكار. ( شرح العقائد)

" നിശ്ചയം ഒരാൾ നബി(സ) കൊ് വന്ന മുഴുവൻ കാര്യങ്ങളും അംഗീകരിച്ചു, സ്ഥിരീകരിച്ചു, പ്രവർത്തിച്ചു, ശേഷം തന്നിഷ്ടപ്രകാരം (അവിശ്വാസികളുടെ മതചിഹ്നമായ) അരക്കച്ച ധരിച്ചു അല്ലെങ്കിൽ ഒരുബിംബത്തിനു തന്നിഷ്ടപ്രകാരം സുജൂദ് ചെയ്തു. എങ്കിൽ അവനെ നാം അവിശ്വാസിയായിക്കാണും. കാരണം നബി(സ) അതിനെ നിഷേധത്തിന്റെയും വ്യാജമാക്കലിന്റെയും അടയാളമാക്കി യിട്ടു്."(ശർഹുൽ അഖാഇദ്)

إن التصديق المقارنلأمارة التكذيب غير معتد بهوالإيمان هو التصديقالذى لايقارن شيئا من الأمارات (شرح العقائد )

"വ്യാജമാക്കലിനെ സൂചിപ്പിക്കുന്ന അടയാളത്തോട് ചേർന്നുകൊുള്ള വിശ്വാസ സ്ഥിരീകരണം പരിഗണനീയമല്ല. യഥാർത്ഥവിശ്വാസം അർത്ഥമാക്കുന്നത് (വ്യാജമാക്കലിനെ സൂചിപ്പിക്കുന്ന അടയാളങ്ങളിൽനിന്ന് ഒന്നും ചേർന്ന് വരാത്ത വിശ്വാസമാണ്."(ശർഹുൽ അഖാഇദ്).

മുകളിൽ ഉദ്ധരിച്ച ഉദ്ധരണികൾ എന്താണ് നമ്മെ പഠിപ്പിക്കുന്നത്? ഒരു സത്യവിശ്വാസി അവിശ്വാസത്തിന്റെ അടയാളങ്ങളിൽപ്പെട്ട വല്ലതും പ്രവർത്തിക്കുക വഴി (വിശ്വാസത്തോടു കൂടിയല്ലെങ്കിലും)ഇസ്ലാം മതത്തിൽ നിന്നു പുറത്തുപോകും എന്ന വസ്തുതയാണ്. പ്രവാചകചരിത്രത്തിലെ ഒരുസംഭവം ഇതിനോട് ചേർത്ത് വായിക്കുക.

روى الحسن قال: بينما رجل يضربمملوكا له فجعل يقول : ( أعوذ بالله ) إذجاءنبي الله فقال: أعوذ برسولالله فأمسك عنه فقال عليه السلام : عائذالله أحق أن يمسك عنه فقال: يا رسول الله فإنى أشهدك الله أنه حرلوجه الله فقال عليه الصلاة والسلام :أماوالذى نفسى بيده لو لم تقلها لدافع وجهكسفع النار ( الرازى ١—٧٥)

ഹസൻ ബസ്വ്രി (റ) ഉദ്ധരിക്കുന്നു. " ഒരാൾ തന്റെ അടിമയെ അടിച്ചുകൊിരിക്കുന്നതിനിടെ അദ്ദേഹം (അടിമ) 'അല്ലാഹുവിനോട് ഞാൻകാവലിനെ തേടുന്നു' എന്നിങ്ങനെ പറഞ്ഞുകൊിരുന്നു, അതിനിടെ പ്രവാചകൻ (സ) അവിടെ വന്നു. അപ്പോൾ അയാൾ (അടിമ) പറ

ഞ്ഞു: അല്ലാഹുവിന്റെ പ്രവാചകനെക്കൊ് ഞാൻ കാവലിനെ തേടുന്നു. ഉടനെ യജമാനൻ അടിനിർത്തി . അപ്പോൾ നബി(സ) പറഞ്ഞു: അല്ലാഹുവിനോട് കാവലിനെത്തേടുന്നവനെത്തൊട്ടാണ് അടിനിർത്തൽ ഏറ്റവും അർഹമായിട്ടുള്ളത് . ഉടനെ ആ മനുഷ്യൻ പറഞ്ഞു: നിശ്ചയം അല്ലാഹുവിന്റെ പ്രവാചകരെ അങ്ങയെ സാക്ഷിയാക്കി ഞാൻ പറയുന്നു, നിശ്ചയം അല്ലാഹുവിന്റെ പ്രീതി ലഭിക്കുവാൻവേി ആ അടിമയെ ഞാൻ സ്വതന്ത്രനാക്കിയിരിക്കുന്നു. അപ്പോൾ നബി (സ) പറഞ്ഞു: എന്റെ ആത്മാവ് ഏതൊരുവന്റെ കരത്തിലാണോ അവൻ തന്നെ സത്യം.നീ ആ വാക്ക് പറഞ്ഞില്ലായിരുന്നുവെങ്കിൽ തീകൊുള്ള അടി നിന്റെ മുഖത്ത് പതിച്ചുകൊിരിക്കുമായിരുന്നു". (റാസി 1-75)സംഭവത്തിന്റെ രത്നച്ചുരുക്കം: അല്ലാഹുവിനെക്കൊ് കാവലിനെ ചോദിച്ചപ്പോൾ അടി നിർത്താതിരുന്ന വ്യക്തി അവന്റെ പ്രവാചകനെക്കൊ് കാവലിനെത്തേടിയപ്പോൾ അടിനിർത്തി. ഇത് മനപ്പൂർവ്വമല്ലെങ്കിലും പ്രവർത്തനത്തിലൂടെ അല്ലാഹുവിനെ ന്യൂനീകരിക്കുന്ന നടപടിയാണ്. ഇത് (മനപ്പൂർവ്വമായിരുന്നുവെങ്കിൽ) ഇസ്‌ലാമിൽ നിന്നും പുറത്തുപോകുന്ന പ്രവർത്തനമാണ്. അത്കൊ്തന്നെ താൻ ചെയ്ത തെറ്റ് ശ്രദ്ധയിൽപെടുത്തിയപ്പോൾ ആ അടിമയെ അല്ലാഹുവിന്റെ തൃപ്തിക്ക് വേി മോചിപ്പിച്ച് അദ്ദേഹം പശ്ചാതപിക്കുന്നു. ഉടനെ അദ്ദേഹം ഈ വിധം ചെയ്തില്ലായിരുന്നുവെങ്കിൽ അദ്ദേഹത്തിനു ലഭിക്കുമായിരുന്ന കഠിന ശിക്ഷയെകുറിച്ച്അദ്ദേഹത്തെ നബി (സ)അറിയിക്കുന്നു.

ഈ സംഭവം നമ്മെ പഠിപ്പിക്കുന്നത്:

അല്ലാഹുവിനേക്കാൾ അവന്റെ ഒരു അടിമയെ — അത് അവന്റെപ്രവാചകൻ മുഹമ്മദ് നബി(സ)യാണെങ്കിലും - മുന്തിക്കുന്നത് മനസ്സാഅംഗീകരിച്ചുകൊല്ലെങ്കിലും കടുത്ത ശിക്ഷക്ക് വിധേയമാക്കപ്പെടുന്ന കാര്യമാണ്. കാരണം അത് അവിശ്വാസത്തിന്റെ അടയാളമാണ്.

**ഇബാദത്ത്**

العبادة أقصى غاية الخضوع والتذلل(بيضاوى ١—٨،كشاف ١٤٩)

"ഇബാദത്തെന്നാൽ പരമമായ നിസ്സാരതയും വിനയവും -പ്രകടിപ്പിക്കൽ-ആണ്." (ബൈദാവി, കശ്ശാഫ് )

إن العبادة عبارة عن نهاية التعظيم ( الرازى ١٣—٢٢٣)

പരമമായ ബഹുമാനത്തെ ധ്വനിപ്പിക്കുന്ന ഒരു വാക്കാണ് ഇബാദത്ത് "( റാസി 13-223)

ഈ രു നിർവ്വചനങ്ങളും പരിശോധിച്ചാൽ, ഒരു പ്രവൃത്തി ഇബാദത്താവണമെങ്കിൽ അതിൽ പരമമായ നിസ്സാരതയും, വിനയവും , ബഹുമാനവും ഉൾക്കൊിരിക്കണം എന്നു മനസ്സിലാക്കാം. എന്നാൽ ഒരു പ്രവർത്തനത്തിൽ ഇവയെല്ലാം എപ്പോഴാണ് ഉൾക്കൊള്ളുക?

ഒരു നിർദ്ദേശത്തെ അതിലെ ശരിയും തെറ്റും, ന്യായവും അന്യായവും, യുക്തിയും അയുക്തിയും പരിശോധിച്ച് ന്യായപൂർണ്ണവും, യുക്തിഭദ്രവും, ശരിയുമാണെന്ന് ബോധ്യപ്പെട്ടെങ്കിൽ മാത്രം അതംഗീകരിച്ച് നടപ്പിലാക്കും എന്ന മനസ്ഥിതിയ്ക്ക് പകരം, ആനിർദ്ദേശമെന്തുതന്നെയായാലും ബഹുമാനാദരവുകളോടെ അംഗീകരിച്ച് നടപ്പിലാക്കുമെന്ന മനസ്ഥിതിയിലേക്ക് വരികയും തദനുസൃതം പ്രവർത്തിക്കുകയും ചെയ്യുമ്പോഴാണ് നിസ്സാരതയും, താഴ്മയും, ബഹുമാനവും പരമമാകുന്നത്. ഈ വിധം പ്രവർത്തിക്കുന്നവൻ ആർക്കുവേി അല്ലെങ്കിൽ ഏതിനുവേി പ്രവർത്തിക്കുന്നുവോ അയാളെ അല്ലെങ്കിൽ അതിനെ ആരാധ്യനായിക്കരുതണമെന്നില്ല. ഈയാഥാർത്ഥ്യംഖുർആൻ വ്യക്തമാക്കുന്നത്കാണുക.

اتخذوا أحبارهم ورهبانهم أربابا من دون الله ( التوبة—٣١)

'വേദക്കാർ അവരുടെ പണ്ഡിതന്മാരെയും, പുരോഹിതന്മാരേയും അല്ലാഹുവിനെക്കൂടാതെയുള്ള റബ്ബുകളാക്കി' (തൗബഃ -31)

قال(ص) : إنهم أحلوا لهم الحرام وحرموا عليهم الحلال فاتبعوهم فذلك عبادتهم (ابن كثير ١—٣٧٨)

നബി(സ) പറഞ്ഞു:"നിശ്ചയം അവർ (പുരോഹിതർ) അവർക്കു(വേദക്കാർക്കു) വേി നിഷിദ്ധ കാര്യം അനുവദനീയമാക്കി.അനുവദനീയമായ കാര്യം നിഷിദ്ധമാക്കി. അങ്ങനെ അവർ അവരെപിൻപറ്റി. അപ്പോഴത് അവർ അവർക്ക് ചെയ്യുന്ന ഇബാദത്താണ്." (ഇബ്നു കസീർ 1-378)

ഇവിടെ വേദക്കാർ അവരുടെ പുരോഹിതന്മാരേയും, മതപണ്ഡിതന്മാരേയും ആരാധ്യരായിക്കരുതിയിരുന്നില്ല എന്നതു വളരെ വ്യക്തമാണ്. കാരണം അങ്ങിനെ ഒരുവിശ്വാസം അവർക്കുായിരുന്നുവെങ്കിൽ അതായിരുന്നു നബി(സ) പറയുക. പക്ഷെ അങ്ങിനെ പറഞ്ഞില്ല മറിച്ച് തങ്ങളുടെ പുരോഹിതരുടേയും, മതനേതാക്കളുടെയും നിർദ്ദേശങ്ങളെ ന്യായാന്യായങ്ങൾ നോക്കാതെ അതേപടി അംഗീകരിച്ച് നടപ്പിലാക്കിയ വേദക്കാരുടെ പ്രവർത്തനത്തെ അവർക്കുള്ള ഇബാദത്തായിരുന്നുവെന്ന് വ്യക്തമാക്കുകയാണ് ചെയ്തത്.

ഈ യാഥാർത്ഥ്യം ഖുർആൻ ഒന്നുകൂടി വ്യക്തമാക്കുന്നത് കാണുക.

أرأيت من اتخذ إلهه هواه ( الفرقان — ٤٣)

"ദേഹേച്ഛയെ ദൈവമാക്കിയവനെ താങ്കൾ കില്ലേ?" (ഫുർഖാൻ -43)

أى مهما استحسن من شيئ ورآه حسنا فىهوى نفسه كان دينه ومذهبه ( ابن كثير ٣—٣٢)

"അതായത് തന്റെ ദേഹേച്ഛ നന്നായിക്കതിനെ തന്റെ മതവും ജീവിതവഴിയുമാക്കി."(ഇബ് നുകസീർ 3-32)

أى ترك متابعة الهدى إلى مطاوعة الهوى فكأنه يعبده( بيضاوى)

"അതായത് സൻമാർഗ്ഗം പിൻപറ്റുന്നതിനു പകരം ദേഹേച്ഛയെ അനുസരിച്ചു. അപ്പോൾ അയാൾ ദേഹേച്ഛയെ ഇബാദത്ത് ചെയ്തവനെപോലെയായി " .(ബൈദാവി)

ഇവിടെ കാര്യം ഒന്നുകൂടെ വ്യക്തമാണ്. ഒരാളും തന്റെ ദേഹേച്ഛയെ തന്റെ ഇലാഹെന്ന് വിശേഷിപ്പിക്കുകയില്ല. എന്നിട്ടും ഒരാൾ തന്റെ ദേഹേച്ഛയുടെ താൽപ

ഋ്യമനുസരിച്ച് പ്രവർത്തിക്കൽ അതിനെ ഇബാദത്ത് ചെയ്യലായി അല്ലാഹു വിശേഷിപ്പിക്കുന്നു. ഇതു വ്യക്തമാക്കുന്നത് ഇബാദത്ത് ചെയ്യപ്പെടുന്നവൻ ആരാധ്യനാവുകയാണ് ചെയ്യുന്നത്, ആരാധ്യനുവേിനിർവ്വഹിക്കുന്നത് ആരാധനയാവുകയല്ല.ഈ വിഷയവുമായി ബന്ധപ്പെട്ട് ഇമാം റാസി(റ) പറയുന്നത് കാണുക,

العبادة فهی فعل أو قول أو ترك فعل أو ترك قول ويؤتىبهلمجرد اعتقاد أن الأمر عظيم يجب قبوله( الرازی ٢٦—٢٣٩)

"സ്വീകരിക്കൽ അനിവാര്യാമാകും വിധം കൽപന ഗൗരവമേറിയതാണെന്ന വിശ്വാസത്തോടെ ഒരു കാര്യം പ്രവർത്തിക്കുക, അല്ലെങ്കിൽ പറയുക, അല്ലെങ്കിൽ ഒരു പ്രവർത്തനം ഉപേക്ഷിക്കുക, അല്ലെങ്കിൽ ഒരു വാക്ക് ഉപേക്ഷിക്കുക ഇതിന്നാണ് ഇബാദത്ത് എന്നു പറയുന്നത്."

ഇമാം റാസി വീും പറയുന്നു:

إن العامة يعبدون الله لالكونه إلها وإنما يطلبون به شيئا وذلك إمادفع ضرر أو جر نفع ( الرازی ٢٥—٢٥٦)

'പൊതു ജനം അല്ലാഹുവിന്ന് ഇബാദത്ത് ചെയ്യുന്നത് അവൻ ദിവ്യത്വം അവകാശപ്പെട്ടവനാണെന്ന നിലക്കല്ല. നിശ്ചയം അവർ അവനോട് വല്ല കാര്യവും തേടുക മാത്രമാണ് ചെയ്യുന്നത്. അത് ഒരു പക്ഷെ വല്ല ബുദ്ധിമുട്ടും തടുക്കലോ, വല്ല ഉപകാരവും ലഭ്യമാക്കലോ ആയിരിക്കാം.' (റാസി- 25- 256).

ഇമാം റാസി (റ) വീും പറയുന്നു:

أن المعبود قد يعبده قوم لدفع الضرر ، وجمع لتوقع منفعة وقليل من الأشراف والأعزة يعبدونه لأنه يستحق العبادة لذاته (الرازی ٢٥—٢٥٨)

'നിശ്ചയം, ദൈവത്തെ ഒരു വിഭാഗം ജനങ്ങൾ ഇബാദത്ത് ചെയ്യുന്നത് വല്ല ബുദ്ധിമുട്ടും തടുക്കുന്നതിന്നുവേിയാണ്. മറ്റൊരു വിഭാഗം ഇബാദത്ത് ചെയ്യുന്നത് വല്ല ഉപകാരവും പ്രതീക്ഷിച്ചു കൊാണ്. ഇബാദത്ത് ചെയ്യപ്പെടാൻ അർഹനാണ് ദൈവം എന്ന നിലക്ക് അവനെ ഇബാദത്ത് ചെയ്യുന്നത് പ്രതാപവാന്മാരിലും ,മാന്യന്മാരിലും പെട്ട ഒരു ചെറുസംഘം മാത്രമാണ്.(റാസി 25-258)

ഇമാം റാസി (റ) യുടെ ഈ ര് വാചകങ്ങളും എന്താണ് നമ്മെ പഠിപ്പിക്കുന്നത് ? ഒരു വാക്കോ, ഒരു പ്രവൃത്തിയോ ഇബാദത്താവണമെങ്കിൽ അത് ആർക്ക് വേി നിർവ്വഹിക്കുന്നുവോ അദ്ദേഹം ഇബാദത്ത് ചെയ്യപ്പെടാൻ അർഹനാണെന്ന് പ്രത്യേകം വിശ്വസിച്ചുകൊള്ളണമെന്നില്ല. അങ്ങിനെ വിശ്വസിച്ച് ഇബാദത്ത് ചെയ്യുന്നവർ വളരെ ന്യൂനപക്ഷമാണ്. ബഹുഭൂരിപക്ഷവും ആ ഒരു വിശ്വാസമില്ലാതെയാണ് ഇബാദത്ത് ചെയ്യുന്നത്

ഇത്രയും വിവരിച്ചതിൽ നിന്ന് ഇബാദത്തും, ദിവ്യത്വം അംഗീകരിച്ചുകൊടുക്കലും രു കാര്യങ്ങളാണെന്നും, ഇബാദത്ത് ചെയ്യപ്പെടുന്നയാൾ ദൈവമാവുകയല്ലാതെ, ആരാധിക്കപ്പെടുന്നവന്ന് വേി ചെയ്യപ്പെടുന്ന കാര്യം ആരാധനയാവുകയല്ല എന്നും അർത്ഥശങ്കക്കിടമില്ലാത്ത വിധം വ്യക്തമായി.

**പ്രാർത്ഥന**

'ഉപകാരങ്ങൾ ചെയ്തു തരാനും, ഉപദ്രവങ്ങൾ നീക്കിത്തരാനും ഒരുവ്യക്തിയോടോ, ശക്തിയോടോ ആവശ്യപ്പെടുന്നതിനാണ് പ്രാർത്ഥന എന്നുപറയുന്നത്. ഇമാം റാസി (റ) പറയുന്നത് കാണുക.,

ومعنى هذا الدعاء طلب المنافع وكشف المضار( الرازی ١٦—٩٢ )

ഉപകാരങ്ങൾ ചെയ്തു തരാനും ഉപദ്രവങ്ങൾ നീക്കിത്തരാനും ആവശ്യപ്പെടുക എന്നതാണ് ഈ പ്രാർത്ഥനയുടെ ഉദ്ദേശ്യം'(റാസി 16-92)

**പ്രാർത്ഥനയുടെ മഹത്വം**

الدعاء مخ العبادة (ترمذی )

പ്രാർത്ഥന ഇബാദത്തിന്റെ മജ്ജയാണ് (തുർമുദി)

إن الدعاء هو العبادة ( أحمد )

പ്രാർത്ഥന തന്നെയാണ് ഇബാദത്ത് (അഹ്മദ്)

ഈ രണ്ട് നബിവചനങ്ങളും ഇബാദത്തിൽ മുഖ്യം പ്രാർത്ഥനയാണെന്ന് നമ്മേ പഠിപ്പിക്കുന്നു.

**പ്രാർത്ഥനയും ആരാധനയും**

പ്രാർത്ഥന തന്നെയാണ് ഇബാദത്ത് എന്ന നബിവചനം അറഫഃയാണ് ഹജ്ജ് എന്ന നബിവചനം പോലെയാണ്. ഹജ്ജിന്റെ പ്രവർത്തനങ്ങളിൽ അറഫഃയിൽ നിൽക്കുന്നതിനുള്ള പ്രാധാന്യമാണ് പ്രസ്തുത ഹദീസ് വ്യക്തമാക്കുന്നത്. അതുപോലെ ആരാധനാ കർമ്മങ്ങൾ നിരവധിയാണെങ്കിലും അവയിൽ നിന്നെല്ലാം ഏറ്റവും പ്രാധാന്യമർഹിക്കുന്നത് പ്രാർത്ഥനയാണെന്ന യാഥാർത്ഥ്യമാണ് മേൽ പറയപ്പെട്ട നബിവചനം നമ്മെ ബോദ്ധപ്പെടുത്തുന്നത്. ഈ വസ്തുത ഇമാം റാസി തന്നെ വ്യക്തമാക്കുന്നത് കാണുക.

فقوله الدعاء هو العبادة معناه أنه معظم العبادة وأفضلالعبادة كقوله عليه السلام الحج عرفة أىالوقوف بعرفة هو الركن الأعظم (الرازی٥—٩٨)

'പ്രാർത്ഥനയാണ് ഇബാദത്ത് എന്ന നബിവചനത്തിന്റെ ഉദ്ദേശ്യം പ്രാർത്ഥന ഇബാദത്തിൽ (ഇബാദത്തിന്റെ വർഗ്ഗത്തിൽ ) മുഖ്യവും, ഏറ്റവും ശ്രേഷ്ഠവുമാണ്. (എന്നത്രെ) ( റാസി 5-98)

പ്രാർത്ഥന ഇബാദത്തിൽ മുഖ്യവും ഏറ്റവും ശ്രേഷ്ഠവുമാകുന്നത് എന്ത് കൊ് ?

لأن الداعي لا يقدم على الدعاء إلا إذا عرف من نفسه إلى ذلك المطلوب وأنه عاجز عن تحصيله و عرفأن ربه تبارك وتعالى يسمع الدعاء ويعلم الحاجةو هو قادر على إيصالها إليه ولا شك أن معرفة العبد نفسه بالعجزوالنقص ومعرفته ربه بالقدرةوالكمال من أعظمالعبادات (روح المعانی ٧—١٢١)

'കാരണം പ്രാർത്ഥിക്കുന്നയാൾ തന്റെ ആവശ്യം മനസ്സിലാക്കുകയും, അത് നിറവേറ്റാൻ താൻ അശക്തനാണെന്നും, പരിശുദ്ധനും ഉന്നതനുമായ തന്റെ രക്ഷിതാവ് പ്രാർത്ഥന കേൾക്കുകയും ആവശ്യം മനസ്സിലാക്കുകയും ചെയ്യുന്നുണ്ടെന്നും, അത് നിറവേറ്റിത്തരാൻ അവൻ കഴിവുള്ളവനാണെന്നും തിരിച്ചറിഞ്ഞ ശേഷമല്ലാതെ പ്രാർത്ഥനയ്ക്ക് തയ്യാറാവുന്നില്ല. അടിമ തന്റെ ന്യൂനത

യും, കഴിവില്ലായ്മയും തിരിച്ചറിയുന്നതും, തന്റെ രക്ഷിതാവ് ശക്തനും, സമ്പൂർണ്ണനുമാണെന്ന് ഗ്രഹിക്കുന്നതും ഇബാദത്തുകളിൽ ഏറ്റവും മഹത്തായതാണെന്നതിൽ സംശയമില്ല.( റൂഹുൽ മആനി 7-121)


**എല്ലാ ഇബാദത്തുകളും പ്രാർത്ഥനയാണെന്ന വാദം**

إن الدعاء هو العبادة

ഇബാദത്തുകളെല്ലാം പ്രാർത്ഥന മാത്രമാണ്.


പ്രാർത്ഥന

↓




IDf,@dG•eAfY-dG

ഇബാദത്തുകൾക്കകത്ത് ഒളിഞ്ഞിരിക്കുന്ന മജ്ജയാണ് പ്രാർത്ഥന




പ്രാർത്ഥന ഇബാദത്തല്ലെന്ന് സമർത്ഥിക്കുവാൻവേ ചിലർ الدعاء مخ العبادة،إن الدعاء هو العبادة എന്നീ ഹദീസുകൾക്ക് നൽകുന്ന അർത്ഥമാണ് മുകളിൽ കൊടുത്തത്. രു അർത്ഥങ്ങളും ഒരുമിച്ചു വീക്ഷിക്കുമ്പോൾ തന്നെ അർത്ഥകൽപനയിലെ അബദ്ധം മനസ്സിലാകും.എന്താണത്?

ഒരിക്കൽ പ്രവാചകൻ പറയുന്നു: ഇബാദത്തുകളെല്ലാം പ്രാർത്ഥനയാണെന്ന്. അതേ പ്രാവാചകൻതന്നെ മറ്റൊരിക്കൽ പറയുന്നു: ഇബാദത്തുകളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന മജ്ജയാണ് പ്രാർത്ഥനയെന്ന്. അപ്പോൾ ഈ ര് ഹദീസുകളും ധ്വനിപ്പിക്കുന്ന ആശയം ഇപ്രകാരമായി , ഒരാൾ പറയുന്നു: ആവീടു മുഴുവൻ എന്റേതാണ്. മറ്റൊരിക്കൽ അതേ വ്യക്തിതന്നെ പറയുന്നു: ആവീട്ടിൽ അടച്ചിട്ടിരിക്കുന്ന മുറി എന്റേതാണ്.ചിന്തിക്കുക, ഒരു പ്രവാചകൻ ഇപ്രകാരം ആശയവൈരുദ്ധ്യമുള്ള പ്രസ്താവനകൾ ഇറക്കുമോ? ഒരിക്കലും ഇല്ല. എങ്കിൽ പിന്നെ അബദ്ധം പിണഞ്ഞത് ആർക്കാണ്? സംശയമില്ല ഹദീസുകൾക്ക് മേൽ വിധം അർത്ഥം നൽകിയവർക്ക്.

മുകളിൽ പറഞ്ഞ ര് നബിവചനങ്ങളിലും 'ഇബാദത്ത്' എന്ന പദം 'ഇൻസാൻ' എന്ന പദം പോലെ വർഗ്ഗനാമമായിട്ടാണ് പ്രവാചകൻ ഉപയോഗിച്ചിട്ടുള്ളത്. അതിനാൽ ആദ്യ വചനത്തിന്റെ അർത്ഥം ഇപ്രകാരമാണ്. ഇബാദത്തുവർഗ്ഗത്തിൽ വിവിധയിനം പ്രവർത്തനങ്ങളു്. അവയിൽ മുഖ്യമായത് പ്രാർത്ഥനയാണ്.

(ഇമാം റാസി -റ- ഈ ഹദീസിനു നൽകിയതും ഈ അർത്ഥമാണ്. അദ്ദേഹം പറയുന്നു: പ്രാർത്ഥന ഇബാദത്തിന്റെ വർഗ്ഗത്തിൽ മുഖ്യമായതും , ശ്രേഷ്ഠമായതുമാണ്.)

ഇതേ ആശയം തന്നെയാണ് രാമത്തെവചനവും വ്യക്തമാക്കുന്നത്. ഇതിൽ വർഗ്ഗാർത്ഥത്തിലുള്ള ഇബാദത്തിനെ ഒരു മനുഷ്യ ശരീരത്തോട് ഉപമിക്കുകയാണ് പ്രവാചകൻ. വിവിധ ഘടകങ്ങൾ കൂടിച്ചേർന്നതാണ് മനുഷ്യ ശരീരം. (രക്തം, കഫം, എല്ല് , മജ്ജ, ജലം......) ഇവയിൽ കൂടുതൽ പ്രാധാന്യമർഹിക്കുന്നത് മജ്ജയാണ്. ഈ യാഥാർത്ഥ്യം സർവ്വരാലും അംഗീകരിക്കപ്പെടുന്നതാണ്. ഇതേപോലെ ഇബാദത്തുകൾ പലയിനങ്ങളു്. (നമസ്ക്കാരം , നോമ്പ്, ഹജ്ജ്, പ്രാർത്ഥന......) ഇവയിൽ ഏറ്റവുംപ്രാധാന്യമർഹിക്കുന്നത് പ്രാർത്ഥനയാണ്.

ഇനിചിന്തിക്കുക, ഇവിടെ നൽകിയ അർത്ഥകല്പനയനുസരിച്ച് ര് നബിവചനങ്ങളും തമ്മിൽ ആശയ വൈരുദ്ധ്യമുോ ? ഇല്ല. കാരണം രിന്റേയും ആശയം ഒന്നു തന്നെയാണ്.അത് ഇപ്രകാരം ചിത്രീകരിക്കാം.

